## പ്രധാനമന്ത്രി ഗ്രാമീണ സഡക് യോജന

139 (431) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. എ. എം. യൂസഫ് :
പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രി ഗ്രാമീണ സഡക് യോജന (പി.എം.ജി.എസ്.വൈ.) പ്രകാരം സംസ്ഥാനത്ത് എത്ര റോഡുകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്; ഇവയുടെ മൊത്തം ദൈർഘ്യം എത്ര കിലോമീറ്ററാണെന്ന് വെളിപ്പെടുത്തുമോ;

(ബി) പദ്ധതി നിർവഹണത്തിന് തടസ്സമായിനിന്ന ഘടകങ്ങൾ എന്തെല്ലാമായിരുന്നു;

(സി) അവ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) റോഡ് നിർമ്മിക്കുന്നതിന് സ്ഥലം അക്വയർ ചെയ്യുന്നതിന് ആവശ്യമായ തുക കേന്ദ്ര സർക്കാർ നൽകുന്നുണ്ടോ;

(ഇ) പദ്ധതി നടപ്പാക്കുന്നതിന് ഇതിനകം കേന്ദ്ര സർക്കാർ എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട്;

(എഫ്) സംസ്ഥാന സർക്കാരിന് എന്തു തുക ചെലവായിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

### ഉത്തരം

(എ) പി.എം.ജി.എസ്.വൈ. പദ്ധതിപ്രകാരം സംസ്ഥാനത്ത് 557 റോഡുകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ഇവയുടെ മൊത്തം ദൈർഘ്യം 1,119.32 കിലോമീറ്ററാണ്.

(ബി) പി.എം.ജി.എസ്.വൈ. പ്രകാരം നിർമ്മാണത്തിനായി ഏറ്റെടുക്കുന്ന റോഡുകൾ പ്രാവർത്തികമാക്കുമ്പോൾ പല തടസ്സങ്ങളും നേരിടുന്നുണ്ട്. പ്രവൃത്തി ഏറ്റെടുക്കുന്നതിന് യോഗ്യരായ കരാറുകാർ മുമ്പോട്ടു വരാത്തത്, റോഡ നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലലഭ്യതയില്ലായ്മ, നിലവിലുള്ള റോഡുകളിലുള്ള യൂട്ടിലിറ്റീസ് (ടെലിഫോൺ ലൈനുകൾ, ഇലക്ട്രിക് പോസ്റ്റുകൾ, പൈപ്പ് ലൈനുകൾ തുടങ്ങിയവ) മാറ്റി സ്ഥാപിക്കേണ്ടി വരുന്നതിനുള്ള കാലതാമസം, റോഡുകളുടെ നിർമ്മാണത്തിനാവശ്യമായ പാറ, മണൽ, മണ്ണ്, മെറ്റൽ എന്നിവയുടെ ലഭ്യത കുറവ് ഇവ സമാഹരിക്കുന്നതിനും കൊണ്ടു പോകുന്നതിനുമുള്ള നിയന്ത്രണം, ആവശ്യത്തിനുള്ള സാങ്കേതിക ഉദ്യോഗസ്ഥരുടെ കുറവ് എന്നിവ പദ്ധതി നടത്തിപ്പിന് ദോഷകരമായി ബാധിക്കുന്ന ഘടകങ്ങളാണ്.

(സി) പദ്ധതി നടത്തിപ്പിലെ തടസ്സങ്ങൾ ലഘൂകരിക്കുന്നതിനും പദ്ധതിയുടെ സുഗമമായ നടത്തിപ്പിനുംവേണ്ടി സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) റോഡ് നിർമ്മിക്കുന്നതിനുള്ള സ്ഥലം അക്വയർ ചെയ്യുന്നതിനുള്ള തുക കേന്ദ്ര സർക്കാർ നൽകുന്നില്ല.

(ഇ) പി.എം.ജി.എസ്.വൈ. നടപ്പാക്കുന്നതിന് സംസ്ഥാനത്തിന് നാളിതു വരെയായി 463.285 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(എഫ്) സംസ്ഥാന സർക്കാർ ഈ പദ്ധതിക്കായി 4.14 കോടി രൂപ വിനിയോഗിച്ചിട്ടുണ്ട്.

**തദ്ദേശസ്വയംഭരണ വകുപ്പിൽ പൊതു സർവ്വീസ്**

140 (432) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ വകുപ്പിൽ പൊതുസർവ്വീസ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നുമുതൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വെളിപ്പെടുത്താമോ;

(സി) പഞ്ചായത്തുകൾ നഗരസഭയോട് കൂട്ടി യോജിപ്പിച്ചതിന്റെ ഫലമായും, പുതിയ നഗരസഭകൾ രൂപീകരിച്ചതിന്റെയും അടിസ്ഥാനത്തിൽ നഗരസഭകൾക്ക് ഏതൊക്കെ അധിക തസ്തികകൾ ഉണ്ടായെന്ന് വെളിപ്പെടുത്തുമോ;

(ഡി) പഞ്ചായത്ത് വകുപ്പിൽ എത്ര തസ്തികകൾ കുറഞ്ഞുവെന്ന് വെളിപ്പെടുത്തുമോ;

(ഇ) നഗരസഭകളിലെ ജോലിഭാരം കണക്കിലെടുത്ത് അധിക തസ്തികകൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) പഞ്ചായത്തുകളിൽ നഗരസഭയിലേതുപോലെ ഹെഡ് ക്ലാർക്ക്, ആർ.ഐ. തസ്തിക സൃഷ്ടിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ&ബി) ഉണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിന് ഒരു പൊതു സർവ്വീസ് രൂപീകരിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായുള്ള ഏഴംഗ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ പ്രവർത്തനം പുരോഗമിച്ചുവരുന്നു.

(സി) പഞ്ചായത്തുകൾ നഗരസഭയോട് കൂട്ടി യോജിപ്പിച്ചതിന്റെ ഫലമായി പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച നടപടികൾ നഗരകാര്യ ഡയറക്ടർ സ്വീകരിച്ചു വരുന്നു. പുതുതായി രൂപീകരിച്ച എഴ് നഗരസഭകളിൽ മുൻസിപ്പൽ സെക്രട്ടറി ഗ്രേഡ് III തസ്തികകൾ സൃഷ്ടിച്ചു കൊണ്ടും പ്രസ്തുത തസ്തികകളിൽ ജീവനക്കാരെ നിയമിച്ചുകൊണ്ടും ഉത്തരവായിട്ടുണ്ട്. പുതിയ നഗരസഭകളിൽ "സ്റ്റാഫ് സ്റ്റാന്റൈഡൈസേഷൻ" മാനദണ്ഡമനുസരിച്ച്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly